Helpline
0471 2733777, 2733139

vision
short film festival
YOUTH WELFARE BOARD INITIATIVE

# 'വിഷൻ 2017' – ഓൺലൈൻ ഷോട്ട്ഫിലിം ഫെസ്റ്റിവൽ

**40 വയസ്സിനു താഴെയുള്ള യുവജനങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്.**

**സൃഷ്ടികൾ, പരമാവധി 4 മിനിറ്റ് ദൈർഘ്യമുള്ളവയായിരിക്കണം**

## നിയമാവലി

1. a. **സ്ത്രീശാക്തീകരണം,** b. **വികസനം,** c. **മറ്റുള്ളവ** (പരിസ്ഥിതി സംരക്ഷണം, ബോധവൽക്കരണം തുടങ്ങിയവ) എന്നിങ്ങനെ 3 വിഭാഗങ്ങളായാണ് മത്സരം സംഘടിപ്പിക്കുന്നത്.
2. വീഡിയോകൾ (Fiction or Non-fiction) ആകാവുന്നതാണ്.
3. **ചുരുങ്ങിയത് 90 സെക്കന്റും പരമാവധി 4 മിനിറ്റും ദൈർഘ്യമുള്ള വീഡിയോകൾ** മാത്രമേ മത്സരത്തിന് പരിഗണിക്കൂ.
4. വീഡിയോകൾ ***നവംബർ 15 ന് മുൻപ്*** വീഡിയോ ഫോർമാറ്റിൽ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.
5. യുവജനക്ഷേമ ബോർഡ് രൂപീകരിക്കുന്ന ജൂറിയാണ് മത്സരത്തിലെ വിജയികളെ തെരെഞ്ഞെടുക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.
6. തെരെഞ്ഞെടുക്കപ്പെടുന്ന വീഡിയോകളുടെ പ്രദർശനം തുടങ്ങി മത്സര വിജയികളെ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജൂറിയുടെ അധികാര പരിധിയിൽ വരുന്നതാണ്.
7. യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി, ഷോട്ട്ഫിലിം ഫെസ്റ്റിവലിന്റെ ഡയറക്ടറായി പ്രവർത്തിക്കും.
8. ഡയറക്ടർക്ക് ഫെസ്റ്റിവലിന്റെ നിയമാവലിയുമായി ബന്ധപ്പെട്ട് ഏത് തീരുമാനത്തിലും മാറ്റങ്ങൾ വരുത്താൻ അധികാരം ഉണ്ടായിരിക്കും.
9. മത്സരത്തിലേക്ക് അയക്കുന്ന വീഡിയോകൾ പിൻവലിക്കാൻ കഴിയുന്നതല്ല.
10. മത്സരത്തിനായി അയക്കുന്ന വീഡിയോകൾ സമാന്തരമായോ ഓൺലൈനായോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ മത്സരം കഴിയുന്നതുവരെ പ്രദർശിപ്പിക്കാൻ പാടുള്ളതല്ല. മത്സരവിജയികളെ പ്രഖ്യാപിച്ചതിനുശേഷം മാത്രമേ ഇതര മാധ്യങ്ങൾ വഴിയും ഓൺലൈനിലൂടെയും വീഡിയോകൾ പ്രദർശിപ്പിക്കാൻ പാടുള്ളൂ.
11. അഭിനയം, സംവിധാനം തുടങ്ങി പുതിയ അവാർഡുകൾ പ്രഖ്യാപിക്കാനുള്ള അവകാശം ജൂറിക്കായിരിക്കും. ഇതിന് ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതല്ല.
12. മലയാളത്തിൽ അല്ലാത്ത സംഭാഷണങ്ങൾക്ക് ഇംഗ്ലീഷ് സബ്ടൈറ്റിൽ ഉണ്ടായിരിക്കണം
13. വീഡിയോയോടൊപ്പം സൃഷ്ടിയെ സംബന്ധിച്ച ലഘു വിവരണം മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കി അപ്ലോഡ് ചെയ്യേണ്ടതാണ്
14. ഡയറക്ടറുടെ പേര്, വിലാസം, മൊബൈൽ ഫോൺ നമ്പർ, ഇമെയിൽ വിലാസം, വയസ്സു തെളിയിക്കുന്ന രേഖ, ഡയറക്ടറുടെ ഫോട്ടോ, ഫിലിമിന്റെ സ്റ്റിൽ ഫോട്ടോകൾ തുടങ്ങിയവ വീഡിയോടൊപ്പം അനുബന്ധമായി കൂട്ടിച്ചേർക്കണം.
15. **2018 ജനുവരി 1 ന് 40 വയസ്സു കഴിയുന്നവരുടെ എൻട്രികൾ സ്വീകരിക്കുന്നതല്ല.**
16. **സമ്മാനഘടന**

| (a) സ്ത്രീ ശാക്തീകരണം |
|---|
| ഒന്നാം സമ്മാനം - 50,000 രൂപ |
| രണ്ടാം സമ്മാനം - 25,000 രൂപ |
| മൂന്നാം സമ്മാനം - 15,000 രൂപ |

| (b) വികസനം |
|---|
| ഒന്നാം സമ്മാനം - 50,000 രൂപ |
| രണ്ടാം സമ്മാനം - 25,000 രൂപ |
| മൂന്നാം സമ്മാനം - 15,000 രൂപ |

| (c) മറ്റുള്ളവ |
|---|
| ഒന്നാം സമ്മാനം - 50,000 രൂപ |
| രണ്ടാം സമ്മാനം - 25,000 രൂപ |
| മൂന്നാം സമ്മാനം - 15,000 രൂപ |

17. നിലവാരക്കുറവോ എൻട്രികൾ മതിയായ രൂപത്തിൽ ലഭിക്കാത്തതോ തുടങ്ങി ജൂറിക്ക് ബോധ്യപ്പെടുന്ന കാരണങ്ങളുടെ മേൽ ഏത് സമ്മാനവും ഒഴിവാക്കാൻ ജൂറിക്ക് അവകാശം ഉണ്ടായിരിക്കും.
18. 3 മേഖലകളിലും ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകും. ഇതിലേതെങ്കിലും സമ്മാനങ്ങൾ ഒഴിവാക്കേണ്ടതുണ്ടെങ്കിൽ അത് ഒഴിവാക്കുവാൻ ജൂറിക്ക് അധികാരം ഉണ്ടായിരിക്കും.